## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 196** — **06.12. 2018 -ൽ മറുപടിക്ക്**

## സുസ്ഥിര വിനോദസഞ്ചാര വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. ഒ. ആർ. കേളു<br>ശ്രീ. ഡി.കെ. മുരളി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി ) |
| എ) നോട്ട് നിരോധനം, ജി.എസ്.ടി. തുടങ്ങിയ കേന്ദ്ര സർക്കാർ നയങ്ങൾ മൂലവും പ്രകൃതി ദുരന്തം കൊണ്ടും കനത്ത തിരിച്ചടി നേരിട്ട വിനോദസഞ്ചാര മേഖലയെ ഉത്തരവാദിത്ത ടൂറിസം വഴി മൂന്ന് വർഷം കൊണ്ട് പുതുതായി അഞ്ച് ലക്ഷം പേർക്ക് തൊഴിൽ നൽകാൻ പര്യാപ്തമാകും വിധം വികസിപ്പിക്കാനായി നടത്തിവരുന്ന ഇടപെടലുകൾ വിശദമാക്കാമോ; | എ) ഈ സർക്കാരിന്റെ കർമ്മപദ്ധതിയിൽ ടൂറിസത്തിലൂടെ 5 വർഷം കൊണ്ട് 4 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളിലൂടെ പ്രത്യക്ഷമായും പരോക്ഷമായും ടൂറിസത്തിൽ നിന്നും 1.50 ലക്ഷം പേർക്ക് തൊഴിലും വരുമാനവും ലഭ്യമാക്കാൻ ഈ സർക്കാർ ലക്ഷ്യമിടുന്നു.<br><br>ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന പേപ്പർ ബാഗ് നിർമ്മാണം, തുണിസഞ്ചി നിർമ്മാണം, വിവിധ കരകൗശല വസ്തുക്കൾ ഉണ്ടാക്കൽ, പപ്പടം നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സാമ്പിൾ സോപ്പ് നിർമ്മാണം എന്നിങ്ങനെയുള്ള ട്രെയിനിംഗുകൾ, പ്രാദേശിക ടൂർ ലീഡേഴ്സിനുള്ള ട്രെയിനിംഗ്, സ്റ്റോറി ടെല്ലിംഗ് ട്രെയിനിംഗ്, ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനുള്ള ട്രെയിനിംഗ് എന്നിങ്ങനെ വിവിധ 2339 ആളുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.<br><br>ഇതിനു പുറമെ തദ്ദേശവാസികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്ന |

തിലേക്കായി ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷനിൽ കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്ത് യൂണിറ്റുകൾ, ജൈവ പച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യ വർദ്ധിത ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി ഷോഫേഴ്സ്, പ്രാദേശിക ടൂർ ലീഡേഴ്സ്, ടൂറിസം അനുബന്ധ സർവീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് കിടക്കുന്ന വ്യത്യസ്തങ്ങളായ 11523 യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ നടുത്തുരുത്ത് എന്ന ഗ്രാമത്തിലെ എല്ലാ കുടുംബങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷനിൽ വിവിധ ഗ്രൂപ്പുകളായി രജിസ്റ്റർ ചെയ്തിരിക്കുന്നു.

ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകൾ ജില്ലാടിസ്ഥാനത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ യൂണിറ്റുകളിലൂടെ പ്രത്യക്ഷമായി 27470 ആളുകളും പരോക്ഷമായി 43952 ആളുകളും വിനോദസഞ്ചാര മേഖലയുടെ ഗുണഭോക്താക്കളായി മാറിയിട്ടുണ്ട്.

| | |
|---|---|
| ബി) സന്തുഷ്ടരായി മടങ്ങുന്ന വിനോദ സഞ്ചാരികളാണ് സുസ്ഥിര വിനോദസഞ്ചാര വികസനത്തിന്റെ അടിത്തറയെന്നതിനാൽ വിനോദസഞ്ചാരികളുടെ | ബി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷാ പഠനം നടന്നു വരുന്നുണ്ട്. ടൂറിസ്റ്റുകളുടെ സുരക്ഷ ഒരുക്കുക, ടൂറിസ്റ്റുകളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ കൂടി മുൻനിർത്തി ഉത്തരവാദിത്ത ടൂറിസം മിഷൻ വ്യാപകമായ അവബോധ ശിൽപ്പശാലകൾ, പരിശീലനങ്ങൾ എന്നിവ |

| | | |
|---|---|---|
| | സുരക്ഷ ഉറപ്പാക്കാനും അനുബന്ധ കുറ്റകൃത്യങ്ങൾ തടയുന്നതിനും ചൂഷണം ഇല്ലാതാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | നടത്തി വരുന്നുണ്ട്. ഇത്തരം അവബോധ പ്രവർത്തനങ്ങളിലും ശിൽപ്പശാലകളിലും 18000 തദ്ദേശവാസികൾ പങ്കാളികൾ ആയിട്ടുണ്ട്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം സംസ്ഥാന പോലീസ് മേധാവി മുഖേന ഉറപ്പാക്കിയിട്ടുണ്ട്. ബീച്ചുകളിലും ആവശ്യമായ ടൂറിസം സെന്ററുകളിലും ലൈഫ് ഗാർഡ് സേവനവും പോലീസ് എയ്ഡ് പോസ്റ്റുകൾ, സെക്യൂരിറ്റി സംവിധാനം എന്നിവയും ടൂറിസം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കോവളം, വേളി ടൂറിസ്റ്റ് വില്ലേജ് എന്നീ കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രത്യേക ശ്രദ്ധ വേണ്ടിവരുന്നതും കൂടുതൽ സുരക്ഷ ആവശ്യമുള്ളതുമായ കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നടപടികൾ പരിശോധിക്കുന്നതാണ്. |
| സി) | വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയായി പരിപാലിക്കുന്നതിനും അത്തരം കേന്ദ്രങ്ങളിലേക്ക് റോഡ് നിർമ്മാണത്തിനും നവീകരണത്തിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കുമോ? | സി) ടൂറിസം കേന്ദ്രങ്ങൾ ശുചിയായി പരിപാലിക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. കുടുംബശ്രീയുമായി ചേർന്നുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ 86 സെന്ററുകളിൽ നടപ്പിലാക്കി വരുന്നു. അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ കോവളം ബീച്ചിലെ മാലിന്യ നിയന്ത്രണത്തിനായി എക്കോ പ്രിസർവ് എന്ന സന്നദ്ധ സംഘടന മുഖേന വകുപ്പ് തുടർ പദ്ധതി നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിലെ ദേവികുളം, മൂന്നാർ, കുമളി മേഖലയുൾപ്പെടെ പത്തോളം വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നിയന്ത്രണത്തിനുവേണ്ടി എക്സ് സർവീസ് മെൻ ട്രസ്റ്റ് എന്ന NGO യുടെ സേവനം ഉപയോഗപ്പെടുത്തി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള ഗ്രീൻ |

കാർപ്പറ്റ് പദ്ധതിയിൽ 77 കേന്ദ്രങ്ങളിൽ മാലിന്യ നിയന്ത്രണവും ശുചിത്വവും പ്രധാന അജണ്ടകളിൽ ഒന്നാണ്. ഇതിനു പുറമേ വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉത്തരവാദിത്ത ടൂറിസം മാലിന്യ വിമുക്ത കേന്ദ്രങ്ങളാക്കി മാറ്റി ഗ്രീൻ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് ഇരുപത്തിയൊന്ന് കേന്ദ്രങ്ങളെ കേരളത്തിൽ ഗ്രീൻ സർട്ടിഫിക്കേഷൻ ലഭ്യമാക്കേണ്ട സ്ഥലങ്ങളായി തീരുമാനിച്ചിട്ടുണ്ട്. അവ താഴെ പറയുന്നു.

കുമരകം, ആലപ്പുഴ ഫിനിഷിംഗ് പോയിന്റ്, മുഹമ്മ, വൈക്കം, പള്ളാതുരുത്തി, മാരാരി ബീച്ച്, പൂവ്വാർ, കോവളം, ഫോർട്ട് കൊച്ചി, വർക്കല, മൂന്നാർ, ധർമ്മടം, ബേക്കൽ, വലിയപറമ്പ, തേക്കടി, ഒളവണ്ണ, അതിരപ്പള്ളി, മുഴപ്പിലങ്ങാട്, വെള്ളിനേഴി, വൈത്തിരി, അമ്പലവയൽ.

പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ടൂറിസം സെക്രട്ടറി ചെയർപേഴ്സണായി സംസ്ഥാന അടിസ്ഥാന ത്തിലും ജില്ലകളിൽ ജില്ലാ കളക്ടർമാർ ചെയർമാനായും ഉള്ള കമ്മറ്റികൾ പ്രവർത്തിച്ചു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ, സർക്കാർ ഇതര സംഘടനകളും ടൂറിസം സംരംഭകരും പ്രദേശവാസികളും ചേരുന്ന കൂട്ടായ്മകൾ എന്ന നിലയിൽ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(signature)

സെക്ഷൻ ഓഫീസർ